# EID-UL-ADHA SERMON / വലിയ പെരുനാൾ ഖുത്തുബ

**(24.09.2015 /10 DHUL HIJJAH 1436 HIJRI)**

**Hazrat Khalifathullah Munir Ahmad Azim (A)**

## PATIENCE TAKEN TO HIGHER LEVELS / ക്ഷമ നമ്മെ ഔന്നത്യത്തിലേക്ക് എത്തിക്കുന്നു

സലാമിനു ശേഷം, എല്ലാവർക്കും ഈദ് ആശംസകൾ നേർന്ന ശേഷം അല്ലാഹുവിന്റെ സന്ദേശ വാഹകൻ, ഹസ്രത് ഖലീഫത്തുല്ലാഹ്, തശഹ്ഹുദ്, തഅവ്വുദ്, സൂറ:അൽഫാത്തിഹ ഓതിയ ശേഷം താഴെകാണുന്ന ഖുർ ആൻ വചനങ്ങൾ ഓതുകയുണ്ടായി.

وَلِكُلِّ أُمَّةٍ جَعَلْنَا مَنسَكًا لِّيَذْكُرُوا اسْمَ اللَّهِ عَلَىٰ مَا رَزَقَهُم مِّن بَهِيمَةِ الْأَنْعَامِ ۗ فَإِلَٰهُكُمْ
إِلَٰهٌ وَاحِدٌ فَلَهُ أَسْلِمُوا ۗ وَبَشِّرِ الْمُخْبِتِينَ ۝ الَّذِينَ إِذَا ذُكِرَ اللَّهُ وَجِلَتْ قُلُوبُهُمْ وَالصَّابِرِينَ
عَلَىٰ مَا أَصَابَهُمْ وَالْمُقِيمِي الصَّلَاةِ وَمِمَّا رَزَقْنَاهُمْ يُنفِقُونَ ۝ وَالْبُدْنَ جَعَلْنَاهَا لَكُم
مِّن شَعَائِرِ اللَّهِ لَكُمْ فِيهَا خَيْرٌ ۖ فَاذْكُرُوا اسْمَ اللَّهِ عَلَيْهَا صَوَافَّ ۖ فَإِذَا وَجَبَتْ جُنُوبُهَا
فَكُلُوا مِنْهَا وَأَطْعِمُوا الْقَانِعَ وَالْمُعْتَرَّ ۚ كَذَٰلِكَ سَخَّرْنَاهَا لَكُمْ لَعَلَّكُمْ تَشْكُرُونَ ۝
لَن يَنَالَ اللَّهَ لُحُومُهَا وَلَا دِمَاؤُهَا وَلَٰكِن يَنَالُهُ التَّقْوَىٰ مِنكُمْ ۚ كَذَٰلِكَ سَخَّرَهَا لَكُمْ
لِتُكَبِّرُوا اللَّهَ عَلَىٰ مَا هَدَاكُمْ ۗ وَبَشِّرِ الْمُحْسِنِينَ ۝

**“ഓരോ സമുദായത്തിനും നാം ബലിയുടെ ഓരോ സമ്പ്രദായം നിശ്ചയിച്ചിട്ടുണ്ട്. അല്ലാഹു അവർക്ക് നൽകിയ നാൽക്കാലി മൃഗങ്ങളുടെ മേൽ അവർ അല്ലാഹുവിന്റെ നാമം ഉച്ചരിക്കുന്നതിനുവേണ്ടി. അപ്പോൾ (ഓർമ്മിക്കുക) നിങ്ങളുടെ ദൈവം ഒരേ ഒരു ദൈവമാകുന്നു. അതുകൊണ്ട് നിങ്ങൾ അവനുമാത്രം വഴിപ്പെടുവിൻ (അല്ലാഹുവിന്റെ മുമ്പിൽ) വിനയം കാണിക്കുന്നവർക്ക് നീ സന്തോഷ വാർത്ത അറിയിക്കുക. (അവരുടെ മുമ്പിൽ വച്ച്) അല്ലാഹുവിന്റെ നാമം ഉച്ചരിക്കപ്പെട്ടാൽ അവരുടെ ഹൃദയങ്ങൾ ഭയന്ന് വിറയ്ക്കുന്നതാണ്. തങ്ങളെ ബാധിക്കുന്ന വിപത്തുകളിൽ സഹനം കൈക്കൊളളുന്നവരും നമസ്ക്കാരം നിലനിർത്തുന്നവരുമാണവർ. നാം അവർക്ക് നൽകിയതിൽ നിന്ന് അവർ ചെലവഴിച്ചു കൊണ്ടിരിക്കുകയും ചെയ്യുന്നു. ബലി അർപ്പിക്കുവാനുള്ള ഒട്ടകങ്ങളെ നാം നിങ്ങൾക്ക് അല്ലാഹുവിന്റെ ചിഹ്നങ്ങളിൽ ഉൾപ്പെടുത്തിയിരിക്കുന്നു. നിങ്ങൾക്ക് അതിൽ നന്മയുണ്ട്. നിങ്ങൾ അവയെ (അറുക്കുന്നതിനുവേണ്ടി) അണികളാക്കി നിറുത്തിക്കൊണ്ട് അവയുടെമേൽ അല്ലാഹുവിന്റെ നാമം ഉച്ചരിക്കുക. അങ്ങനെ (അവയെ അറുത്ത്) അവയുടെ പാർശ്വങ്ങൾ നിലത്തു വീണു കഴിഞ്ഞാൽ നിങ്ങൾ അവയുടെ (മാംസത്തിൽ നിന്ന്) ഭക്ഷിച്ചുകൊളളുക. ഉളളതിൽ സ്വയം തൃപ്തരാകുന്നവരെയും ദാരിദ്ര്യം വെളിപ്പെടുത്തുന്നവ**

**രെയും ഭക്ഷിപ്പിക്കുകയും ചെയ്യുക. ഇപ്രകാരം നിങ്ങൾക്ക് നാം അവയെ കീഴ്പ്പെടുത്തി തന്നിരിക്കുന്നു. നിങ്ങൾ നന്ദി കാണിക്കുന്നവരാകാൻ വേണ്ടി. അവയുടെ മാംസമോ രക്തമോ അല്ലാഹുവിന് ഒരിക്കലും എത്തുകയില്ല. പക്ഷെ നിങ്ങളുടെ ഹൃദയ ഭക്തിയാണ് അവനെത്തുന്നത്. ഇപ്രകാരം അവൻ അവയെ നിങ്ങൾക്ക് അധീനപ്പെടുത്തി തന്നിരിക്കുന്നു. അല്ലാഹു നിങ്ങൾക്ക് നേർമാർഗം കാണിച്ച് തന്നതു നിമിത്തം നിങ്ങളവനെ മഹത്വപ്പെടുത്തുന്നതിനുവേണ്ടി സദ്വൃത്തന്മാരെ നീ സന്തോഷവാർത്ത അറിയിക്കുക. ''**(22: 35 – 38)

ഈ വചനങ്ങളിലൂടെ പറയപ്പെട്ട അതിമഹത്തായ ഉപദേശങ്ങൾ മനുഷ്യ ജീവിതത്തിന്റെ എല്ലാ മേഖലകളിലും പ്രയോഗവത്ക്കരിക്കേണ്ടതാണ്. ഒന്നാമതായി അവ ത്യാഗത്തിന്റെ പൊരുൾ നമ്മെ പഠിപ്പിക്കുന്നു. അതുപോലെ നാം ഈ നാൽക്കാലികളെ വളരെയധികം ആശ്രയിക്കുന്നു എന്ന കാര്യവും നമ്മെ ഈ വചനങ്ങൾ പഠിപ്പിക്കുന്നു. കാരണം അവയിൽ നിന്നും നാം അനേകം കാര്യങ്ങൾ നിറവേറ്റപ്പെടുന്നു. നമ്മുടെ ജീവിതം സുഖകരമായി തീരാൻ മറ്റ് അനേകം പ്രയോജനങ്ങൾക്കായി നാം ഈ നാൽക്കാലികളുമായി ബന്ധപ്പെട്ടിരിക്കുന്നു. മാത്രമല്ല ഇത്തരം മൃഗങ്ങളുടെ മേൽ നിങ്ങൾക്ക് യാത്രചെയ്യുവാനും സാധിക്കുന്നു.

ഒന്നാമതായി ''അൻആം'' എന്ന വാക്ക് ഒട്ടകങ്ങൾക്കാണ് ഉപയോഗിക്കുന്നത്. മറ്റേതൊരു നാൽക്കാലി മൃഗത്തെക്കാളും ഏറ്റവും പ്രയോജനം മനുഷ്യന് ലഭിക്കുന്നത് ഒട്ടകങ്ങളിലൂടെയാണ്. ആയതിനാൽ അൻആം എന്ന വാക്ക് പൂർണ്ണമായും പ്രഥമമായും ഒട്ടകങ്ങൾക്കാണ് യോജ്യമായിട്ടുള്ളത്. യാത്രയ്ക്കായി നിങ്ങൾ ഇവയെ ഉപയോഗിക്കുമ്പോൾ, നിങ്ങളുടെ സാധനങ്ങൾ കൊണ്ടു പോകുവാനും അവയെ ഉപയോഗിക്കുന്നു. അതുപോലെ നിങ്ങൾ മരുഭൂമിയിലായിരിക്കുമ്പോൾ, നിങ്ങൾ ദാഹാർദ്രരാകുമ്പോൾ, കുടിക്കുവാൻ ജലം ലഭ്യമല്ലാതാകുമ്പോൾ, അത്തരം സന്ദർഭങ്ങളിൽ, നിങ്ങൾക്ക് ഒട്ടകങ്ങൾ വളരെയധികം പ്രയോജനകരങ്ങളാണ്; അവയെ കശാപ്പുചെയ്ത് അവയിൽ നിന്നും ജലം എടുത്ത് കുടിക്കുവാൻ കഴിയുന്നു. ഈ ജലം അവയുടെ ആമാശയവുമായി ബന്ധിതമാണ്, അങ്ങനെ നിർണ്ണായക ഘട്ടങ്ങളിൽ നിങ്ങളുടെ ജീവൻ നിലനിർത്തുവാനുള്ള ഉപാധിയായി ഒട്ടകങ്ങൾ മാറുന്നു.

അങ്ങനെ, അൻആം എന്നവാക്ക്, പ്രധാനമായും ഒട്ടകങ്ങളെ തന്നെയാണ് ഉദ്ദേശിക്കുന്നത്. ഇക്കാരണത്താൽ, ഈ ഖുർആനിക വചനങ്ങൾ, ത്യാഗങ്ങളുടെ ലഘു വിവരണമാണ് നൽകുന്നത്. നമ്മുടെ ജീവിതത്തിൽ നമ്മുടെ നിലനിൽപ്പിന് മൃഗങ്ങളുടെ പ്രയോജനങ്ങളെപ്പറ്റി ചിന്തിക്കുവാനുള്ള അവസരവും നൽകുന്നു. ഇതേ മൃഗത്തെ തന്നെയാണ് ദൈവേഛ പ്രകാരം നിങ്ങൾ ബലിയർപ്പിക്കുന്നതും. ആയതിനാൽ, ഇതുപോലെ, നിങ്ങളുടെ മുഴു ജീവിതവും അല്ലാഹുവിനു വേണ്ടി ത്യാഗം ചെയ്യുക. ഇതിൽ നിന്നും നിങ്ങൾക്ക് നാൽക്കാലികളുടെ മേൽ, മേൽക്കൈ ഉണ്ടെന്നു കരുതരുത്, നിങ്ങളുടെയും അവയുടെയും രക്ഷകർത്താവ് അല്ലാഹു മാത്രമാണ് എന്ന് ഓർക്കുക.

ആയതിനാൽ, അല്ലാഹുവിന്റെ നാമം ഉച്ചരിച്ച്, ഈ മൃഗങ്ങളെ, അല്ലാഹുവിന്റെ മാർഗ്ഗത്തിൽ, ബലി അർപ്പണം നടത്തുക. നിങ്ങളുടെ ജീവിതത്തിലുള്ളതെല്ലാം നിങ്ങൾ ഇപ്രകാരം അല്ലാഹുവിന്റെ മുമ്പിൽ കശാപ്പ് ചെയ്യുക. ഈ ഖുർ ആനിക വചനങ്ങൾ പഠിപ്പിക്കുന്ന, പരമമായ, പരമോന്നതമായ ത്യാഗം ഇങ്ങനെ തന്നെയാണ്. ഈ മൃഗങ്ങളെ ദൈവമാർഗ്ഗത്തിൽ ബലി അർപ്പണം നടത്തുന്നതിലൂടെ, നിങ്ങളുടെ ജീവിതവുമായി ബന്ധപ്പെട്ടു നിൽക്കുന്നതിനെ നിങ്ങൾ ത്യാഗം ചെയ്യുകയാണ്, അതായത് ഈ മൃഗങ്ങൾ നിങ്ങളുടെ ജീവ സന്ധാരണത്തിന് വളരെ ആവശ്യമായതു തന്നെയായിരുന്നു. അല്ലാഹുവിന്റെ തൃപ്തിക്കായി നിങ്ങൾ അതിനെ ബലിയർപ്പിക്കുമ്പോൾ അല്ലാഹുവിന്റെ മുമ്പിൽ അവയുടെ മാംസം കാഴ്ച വയ്ക്കുന്നില്ല എന്നറിയുക. മറിച്ച് അതിന്റെ മാംസം നിങ്ങൾക്കു തന്നെയാണ് പ്രയോജനകരമാകുന്നത്! അത് നിങ്ങൾ തന്നെയാണ് ഭക്ഷിക്കുന്നത് ! എന്നാൽ ഈ മൃഗങ്ങളുടെ ബലിയുടെ പിന്നിലെ ത്യാഗത്തിന്റെ സത്തയാണ് അല്ലാഹുവിലേക്കെത്തുന്നത്. നിങ്ങൾ അല്ലാഹു

വിനോട് പറയേണ്ടത് ! നിശ്ചയമായും, അല്ലയോ രക്ഷിതാവേ ! ''ഞങ്ങൾക്കുള്ളതെല്ലാം നിനക്കായി അർപ്പിക്കുവാൻ ഞങ്ങൾ തയ്യാറാണ്.''

അപ്പോൾ അല്ലാഹു നമ്മോട് പറയുന്നു. നമ്മളെ തന്നെ അവന്റെ, അതുല്യനായ ദൈവത്തിന്റെ, മുമ്പാകെ സമർപ്പിക്കുവാൻ! നിങ്ങളുടെ മുമ്പാകെ ബലിയർപ്പണം ചെയ്യപ്പെട്ട മൃഗം നിസ്സഹായനായതുപോലെ, നിങ്ങളും അല്ലാഹുവിന്റെ മുമ്പിൽ നിസ്സഹായകനായി കിടന്നു കൊടുക്കുക. ആയതിനാൽ നിങ്ങൾ മൃഗങ്ങളെ ബലികഴിക്കുമ്പോൾ നിങ്ങളെ സ്വയം ബലി അർപ്പിക്കുന്നതിനെപ്പറ്റി നിങ്ങൾ ചിന്താധീനരാകേണ്ടതാണ് ! നിങ്ങളുടെ അധീനതയിലുണ്ടായിരുന്ന മൃഗം, നിങ്ങളുടെ സേവനത്തിലായിരുന്ന മൃഗം, നിങ്ങളുടെ നിലനിൽപ്പിന് സഹായകമായിരുന്ന മൃഗം, ബലി അർപ്പിക്കപ്പെട്ടപ്പോൾ, അത് നിങ്ങളുടെ തന്നെ ഒരു ബലി അർപ്പണമായി മാറി.

ഈ ത്യാഗ പ്രവർത്തിയിലൂടെ ലക്ഷ്യമാക്കുന്നത്, അല്ലാഹുവിന്റെ മാർഗ്ഗത്തിൽ ത്യാഗങ്ങൾ അർപ്പിക്കുവാൻ നിങ്ങൾ സദാ തയ്യാറായിരിക്കണം; ഈ മൃഗം എപ്രകാരം നിങ്ങളുടെ മുമ്പിൽ നിസ്സഹായകനായിരുന്നുവോ അതുപോലെ നിങ്ങളും അല്ലാഹുവിന്റെ മുമ്പിൽ നിസ്സഹായകനായി കിടന്നു കൊടുക്കണം. അല്ലാഹുവിന്റെ മാർഗ്ഗത്തിൽ ത്യാഗാർപ്പണം നടത്തേണ്ട ഒരു സാഹചര്യം ഉണ്ടായാൽ, നിങ്ങൾ ഈ മൃഗങ്ങൾ കാണിച്ച ക്ഷമപോലെ, ഒരുപക്ഷേ അതിലുപരി ക്ഷമയോടെ, നിസ്സഹായകരായി അല്ലാഹുവിന്റെ തൃപ്തിക്കായി കിടന്നു കൊടുക്കേണ്ടതാണ്.

ഇപ്രകാരം വിനയം കാണിച്ചവർക്ക് അല്ലാഹു (ത) സന്തോഷ വാർത്ത അറിയിക്കുന്നു. മറ്റൊരു വാക്കിൽ പറഞ്ഞാൽ, ഈ നിസ്സഹായകരായ മൃഗങ്ങളിൽ നിന്നും നിങ്ങൾ വിനയത്തിന്റെ പാഠങ്ങൾ പഠിക്കേണ്ടതുണ്ട്; ഒരു പക്ഷേ നിങ്ങൾ അതിനേക്കാൾ കൂടുതൽ വിനയം കാണിക്കേണ്ടതാണ്. നിങ്ങളുടെ കയ്യിലുള്ളതെല്ലാം, നിങ്ങളുടെ നഫ്സ് ഉൾപ്പടെ, അല്ലാഹുവിന്റെ മുമ്പിൽ സമർപ്പിക്കുക, നിങ്ങൾ ഒരു രീതിയിലും പരുഷ പ്രകൃതക്കാരാവരുത് ! പകരം നിങ്ങൾ പരമമായ വിനയം കാണിക്കുക! തീർച്ചയായും ഈ പരമമായ വിനയ പ്രകടനത്തിലാണ് അല്ലാഹുവിന്റെ സന്തോഷം കുടികൊള്ളുന്നത്.

ഇപ്പോൾ നിങ്ങൾ ഒന്നു വിചിന്തനം ചെയ്യുക! അല്ലാഹു (ത) എങ്ങനെയാണ് (ഈ വചനങ്ങളിലൂടെ) മൃഗബലിയിലൂടെയുള്ള ഈ വിഷയം തിരിച്ച് മാനവ ത്യാഗത്തിലേക്ക്, നമ്മുടെ ശ്രദ്ധ കൊണ്ടു വന്നതെന്ന് ! അല്ലാഹു (ത) പറയുന്നു. നിശ്ചയമായും യഥാർത്ഥ വിശ്വാസികൾ, അല്ലാഹുവിന്റെ മാർഗ്ഗത്തിൽ ത്യാഗം ചെയ്യുന്നവർ, അവർ അല്ലാഹുവിന്റെ നാമം കേൾക്കുമ്പോൾ അവരുടെ ഹൃദയങ്ങൾ വിറയ്ക്കുകയും, ഭയചകിതമാവുകയും, അവർക്ക് സംഭവിക്കുന്നതിലെല്ലാം ക്ഷമകൈക്കൊള്ളുന്നവരുമാണ് (എല്ലാവിധ വീഴ്ചകളിലും, പ്രയാസങ്ങളിലും, പരീക്ഷണങ്ങളിലും!)

ഇത്തരം വിശ്വാസികൾ, മൃഗബലിയുടെ തത്വശാസ്ത്രം ഉൾക്കൊണ്ടവരാണ്. നമ്മെക്കാളും താഴ്ന്ന നിലവാരത്തിലുള്ള മൃഗങ്ങൾ നമുക്ക് വേണ്ടി ത്യാഗം ചെയ്യാൻ സദാ തയ്യാറായിരിക്കുകയാണ്. അതേ ! നിശ്ചയമായും ഈ മൃഗങ്ങളെ നമുക്ക് വേണ്ടി സൃഷ്ടിച്ചത് അല്ലാഹു തന്നെയാണ്; അവയെ അവന്റെ നാമം ഉചരിച്ച് ബലി അർപ്പിക്കുവാനുള്ള അവകാശവും അവൻ തന്നെയാണ് നൽകിയത്! ഈ മൃഗബലി, അല്ലാഹുവിന്റെ അനുവാദത്താൽ നമുക്ക് സാധ്യമായിട്ടുള്ളതാകുന്നു. അപ്പോൾ എത്രമാത്രം നന്ദികേടും, അപമാനവുമാണ് നമ്മുടെ ഭാഗത്ത്, അല്ലാഹുവിന്റെ വിളിക്ക്, നാം ഉത്തരം നൽകുന്നില്ലെങ്കിൽ, അവന്റെ മാർഗ്ഗത്തിൽ നാം ത്യാഗത്തിന് തയ്യാറാകുന്നില്ലെങ്കിൽ! അവൻ അതിനായി ആവശ്യപ്പെടുമ്പോൾ ! അങ്ങനെ അല്ലാഹു നമുക്ക് ബോധ്യമാക്കി തരുകയാണ്, ഈ വിളി വരുന്നതാണ്, ഈ സന്തോഷ വാർത്ത സത്യ വിശ്വാസികൾക്ക് നൽകുക, എന്ന് അവൻ നിർദ്ദേശിക്കുന്നു. അവർ വിനയാന്വിതരാണ്. വിനയാന്വിതരായ സത്യവിശ്വാസികൾ അവർ അല്ലാഹുവിന്റെ നാമം

കേൾക്കുമ്പോൾ, അവരുടെ ഹൃദയങ്ങൾ ഭയത്താൽ വിറയ്ക്കുകയും, അവർ അസാധാരണമായ ക്ഷമകൈക്കൊ ള്ളുന്നവരുമാണ്; അവർ സർവ്വതും അല്ലാഹുവിന് സമർപ്പിക്കുന്നവരുമാണ്. എന്നിട്ട് അല്ലാഹു (ത) പറയുന്നു. അവർ നമസ്ക്കാരം നിലനിർത്തുന്നവരാണ്; മറ്റു ഇബാദത്തുകളും ! അവർക്ക് അല്ലാഹു നൽകിയതിൽ നിന്ന് അവന്റെ മാർഗ്ഗത്തിൽ ചിലവഴിക്കുന്നവരുമാണ്.

ഈ വിഷയം ഹജ്ജുമായി വളരെ ബന്ധപ്പെട്ടതാണ്. ഇബ്രാഹീം (അ) തന്റെ കത്തി, തന്റെ പ്രിയ മകൻ ഇസ്മായീൽ (അ) ന്റെ കഴുത്തിൽ വച്ചപ്പോൾ, നിശ്ചയമായും അദ്ദേഹം അതിമനോഹരമായ ഒരു മാതൃക നമ്മെ പഠിപ്പിക്കുകയായിരുന്നു. അതായത് മൃഗങ്ങൾ നമുക്കുവേണ്ടി ചെയ്യുന്ന ത്യാഗത്തിന്റെ തത്വചിന്ത !

ഒരു സമയം ആസന്നമാകുന്നതാണ്, നിങ്ങളും (മനുഷ്യവർഗ്ഗം, യഥാർത്ഥ വിശ്വാസികൾ) നിങ്ങളുടെ സന്ത തികളും അല്ലാഹുവിന്റെ മാർഗ്ഗത്തിൽ സ്വയം സമർപ്പിതരാകേണ്ടുന്ന ഒരു സമയം, നിങ്ങൾ സ്വയം മുന്നോട്ടു വരേണ്ടതായി വരുന്നതാണ്, ഈ മൃഗങ്ങൾ ത്യാഗത്തിന് തയ്യാറായതുപോലെ! നിങ്ങളിൽ നിന്നും അല്ലാഹു ആഗ്ര ഹിക്കുന്ന ത്യാഗം (ഇബ്രാഹീമിനെ പോലെ) നിങ്ങളിലെ ത്യാഗത്തിന്റെ സത്തയാണ് അവൻ സ്വീകരിക്കുന്നത്, നിങ്ങളുടെ ശാരീരിക ബലി അവന് ആവശ്യമില്ല.

ഈ ഖുർആനിക വചനങ്ങളിൽ നിന്നും, അല്ലാഹു (ത) നിങ്ങളെ അറിയിക്കാൻ ആഗ്രഹിക്കുന്നത്, നിങ്ങ ളുടെ സേവനത്തിലും, നിങ്ങൾക്ക് വളരെയധികം പ്രയോജനങ്ങൾ നൽകിക്കൊണ്ടിരിക്കുകയും ചെയ്ത ഈ മൃഗങ്ങളെ നിങ്ങൾ ബലി അർപ്പിക്കുന്നു. എന്നാൽ മറ്റൊരു വചനത്തിൽ, അല്ലാഹു (ത) പറയുന്നു. ഈ ബലി അർപ്പണത്തിലൂടെ അവയുടെ രക്തമോ, മാംസമോ അല്ലാഹുവിലേക്ക് എത്തുന്നില്ല. അല്ലാഹുവിൽ എത്തുന്നത് നിങ്ങളുടെ 'തഖ്‌വ' മാത്രമാണ്. ഈ തഖ്‌വ എന്താണ്? അത് അല്ലാഹുവിനെക്കുറിച്ചുള്ള ഭയമാണ്! അങ്ങനെ ആദ്യ വചനത്തിൽ, അല്ലാഹു പറയുന്നു. യഥാർത്ഥ വിശ്വാസികൾ അല്ലാഹുവിനെക്കുറിച്ച് കേൾക്കുമ്പോൾ, ഭയ ത്താൽ അവരുടെ ഹൃദയം വിറയ്ക്കുന്നു. അല്ലാഹു (ത) ജനങ്ങളെ അറിയിക്കാൻ ആഗ്രഹിക്കുന്നത്, ബലി അർപ്പ ണത്തിലൂടെ, അവരുടെ തഖ്‌വയ്ക്ക് വർദ്ധനവ് ഉണ്ടാകുന്നതാണ്. ഈ തഖ്‌വയാണ് അല്ലാഹുവിൽ വിലയുള്ളതും സ്വീകരിക്കപ്പെടുന്നതും! കാരണം അവർ അല്ലാഹുവിനുവേണ്ടി സകലതും സമർപ്പിക്കുവാൻ തയ്യാറാണ്; അവർ എപ്പോഴും ത്യാഗത്തിന് തയ്യാറാണ്, അവരുടെ ജീവൻപോലും അർപ്പിക്കുവാൻ തയ്യാറാണ്. കാരണം അവർ അല്ലാഹുവിന്റെ തൃപ്തി കൊയ്തെടുക്കുവാൻ ആഗ്രഹിക്കുന്നു.

ഇബ്രാഹീം (അ) ന്റെ കാലത്ത് ഈ തീവ്ര ത്യാഗം അതിന്റെ പരമോന്നതിയിലെത്തുകയുണ്ടായി. തന്റെ പ്രിയമകൻ ഇസ്മായീലിന്റെ കഴുത്തിൽ കത്തി വച്ചപ്പോൾ, ഈ വൈകാരിക തീവ്രത അതിന്റെ പരമ കാഷ്ഠയി ലെത്തി. ആ പിതാവിന്റെ ഹൃദയാവസ്ഥയും ആ കുട്ടിയുടെ ഹൃദയാവസ്ഥയും വിവരിക്കുവാൻ പ്രയാസമാണ്. മനുഷ്യ ചരിത്രത്തിൽ അത്തരം ഒരു സംഭവം മുമ്പ് ഉണ്ടായിട്ടില്ല. ആ പിതാവ് പറഞ്ഞു. ''എന്റെ മകനെ, അല്ലാഹു നിന്നെ ബലി അർപ്പിക്കുവാൻ എന്നോട് നിർദ്ദേശിച്ചിരിക്കുന്നു. ആ മകൻ പറഞ്ഞു. എന്റെ പ്രിയ പിതാവേ! നിങ്ങളോട് അല്ലാഹു എന്തു കൽപ്പിച്ചുവോ അതു ചെയ്യുക, അല്ലാഹു ഉദ്ദേശിച്ചാൽ, താങ്കൾ എന്നെ സഹനതയി ലുൾപ്പെട്ടവനായി കണ്ടെത്തുന്നതാണ്.''

ആയതിനാൽ അല്ലാഹു പറയുമ്പോൾ ''അവർക്ക് സംഭവിച്ചതിൽ അവർ ക്ഷമ കൈക്കൊള്ളുന്നവരാണ്'' എന്ന് പറയുമ്പോൾ തീർച്ചയായും അതിന്റെ അർത്ഥം ഇബ്രാഹീം (അ) ന്റെ പുത്രൻ ബലി അർപ്പണ സമയത്ത് കാണിച്ച അതേ ക്ഷമയാണ്. ഇസ്മായീൽ (അ) ഉച്ചരിച്ച വാക്കുകൾ വ്യഥാവിലായില്ല. ''അല്ലാഹു ഉദ്ദേശിച്ചാൽ, താങ്കൾ എന്നെ ക്ഷമാലുക്കളിൽ ഉൾപ്പെട്ടവനായി കാണും. ''അപ്പോൾ അല്ലാഹുവിന്റെ മാർഗ്ഗത്തിലെ ത്യാഗം എന്ന വിഷയം, അത്തരം അഗാധമായ ക്ഷമയുമായി ബന്ധപ്പെട്ടു കിടക്കുന്നു. ക്ഷമയില്ലെങ്കിൽ, ത്യാഗം വ്യഥാവി ലാണ്. പരിപൂർണ്ണ നിഷ്കളങ്കതയോടും പരിപൂർണ്ണ വിശ്വാസത്തോടെയും ഇസ്മായിൽ (അ) പറഞ്ഞില്ലായിരു

ന്നെങ്കിൽ, ''ദൈവം ഉദ്ദേശിച്ചാൽ, ക്ഷമാലുക്കളിൽപ്പെട്ടവനായി താങ്കൾ എന്നെ കാണും'' എന്ന് പറഞ്ഞില്ലായിരുന്നെങ്കിൽ അപ്പോൾ, ആ ദിവസം തന്നെ, ത്യാഗത്തിന്റെ അർത്ഥം, അതിന്റെ തേജസ് നഷ്ടപ്പെടുമായിരുന്നു. ഈ ത്യാഗം അർത്ഥശൂന്യവുമാവുമായിരുന്നു. ദൈവമാർഗ്ഗത്തിലുള്ള ത്യാഗത്തിന്റെ യഥാർത്ഥ സൗന്ദര്യം, ലോകത്തിന് എന്നന്നേക്കുമായി നഷ്ടപ്പെടുമായിരുന്നു. ഈ ക്ഷമയാണ്, പ്രകാശിച്ചു നിൽക്കുന്നത്, അത് മുഹമ്മദ് നബി (സ) ന്റെ കാലത്ത്, പരമോന്നതിയിലേക്ക്, കഴിഞ്ഞ കാല പ്രവാചകമാരുടെ കാലത്ത് പറഞ്ഞ് കേട്ടിട്ടില്ലാത്ത തരത്തിൽ, ക്ഷമയുടെയും ത്യാഗത്തിന്റെയും പ്രഭാപൂരം ! അതുപോലെ ഭാവിയിലുണ്ടാവതല്ല. വ്യത്യാസം ഇത്രമാത്രം അല്ലാഹു (ത) ഇബ്രാഹീം (അ) ന്റെ ഹൃദയം പരിശോധിച്ചു. അദ്ദേഹത്തിന്റെ ത്യാഗത്തെ പരീക്ഷിച്ചു. അങ്ങനെ അല്ലാഹു (ത) ഇബ്രാഹീം (അ) ന്റെ മകനെ (രക്ത) ത്യാഗത്തിൽ നിന്ന് വിമോചിതനാക്കി.

ഈ മഹത്തായ ത്യാഗത്തെ സംബന്ധിച്ച് നാമെല്ലാം ചിന്തിക്കേണ്ടതാണ്. വിശിഷ്യാ ഇബ്രാഹീം (അ) ഉം ഇസ്മായിൽ (അ) ഉം കാട്ടിയ ത്യാഗത്തിന്റെ സത്ത നാം ഉൾക്കൊള്ളേണ്ടതാണ്. നാം നമ്മെ തന്നെ ത്യാഗം ചെയ്യേണ്ട അവസരമുണ്ടായാൽ നാം സ്വയമേവ അപ്രകാരം ചെയ്യുന്നതാണ്. സന്തോഷപൂർവ്വം ചെയ്യുന്നതാണ്! എന്ന് നമുക്ക് പ്രാർത്ഥിക്കാം. ഇൻശാ അല്ലാഹ്! ആമീൻ. ഈദു മുബാറക്ക് !


<u>**Translated & Issued By**</u>

**R. Jamaludin Raother**

**Amir**

Jamaat-Ul-Sahih-Al-Islam, Kerala South zone

*Ph: 9447001832 / 0475 2220223 / 8547299180*

*email : jamal.raother@gmail.com*

*www.jamaat-Ul-Sahih-Al-Islam.com*


*****************